"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പന്നി വളർത്തൽ കേന്ദ്രത്തിന്റെ സൂക്ഷിപ്പുകാരനായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കവേ മരണമടഞ്ഞ ശ്രീ. മൊക്കരാജിന്റെ അവകാശികൾക്ക് നഷ്ടപരിഹാരം അനുവദിച്ച്- ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

G.O.(Rt)No.829/2022/LSGD തീയതി,തിരുവനന്തപുരം, 02-04-2022

പരാമർശം:-

1. മൂന്നാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.12.2009-ലെ അടിയന്തിര മീറ്റിംഗിലെ II-ാാം നം.തീരുമാനം.

2. ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്ത് കണ്ണൻ ദേവൻ ഹിൽസ് ന്യൂ കോളനി നിവാസിയായ ശ്രീ. തങ്കപാണ്ടിയുടെ 20.09.2021-ലെ നിവേദനം.

3. മൂന്നാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.01.2022 ലെ 31(10) നമ്പർ തീരുമാനം.

4. 18.02.22 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/7015/2019-G1 (DP) നം. കത്ത്.

ഉത്തരവ്

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പന്നി വളർത്തൽ കേന്ദ്രത്തിന്റെ സൂക്ഷിപ്പുകാരനായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരവെ പ്രസ്തുത സ്ഥലത്ത് വച്ച് 26.2.2009-ൽ രാത്രിയിൽ ജനറേറ്ററിൽ നിന്നുള്ള വിഷവാതകം ശ്വസിച്ച് ശ്രീ. മൊക്കരാജ്, ശ്രീ.കാളിയപ്പൻ എന്നിവർ മരണപ്പെടുകയുണ്ടായി. മരണപ്പെട്ട നിർദ്ധന പട്ടികജാതിക്കാരായ രണ്ട് പേരുടെയും അവകാശികൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും രണ്ട് കുടുംബത്തിലെയും ഓരോ അവകാശിക്ക് ജോലി നൽകുന്നതിനും പരാമർശം(1)- ലെ മൂന്നാർ ഗ്രാമപഞ്ചായത്ത് സമിതി ഏകകണ്ഠേന തീരുമാനമെടുത്തിരുന്നു. എന്നാൽ സർക്കാർ തീരുമാനം ലഭ്യമാകാത്തതിനെ തുടർന്ന് ആയത് നടപ്പിലായിരുന്നില്ല. ഇതിനിടെ ശ്രീ. കാളിയപ്പന്റെ അവകാശികൾ എംപ്ലോയീസ് കോമ്പൻസേഷൻ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ പരാതി നല്കുകയും ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കുടുംബാംഗങ്ങൾക്ക് 3,73,800/- രൂപ നഷ്ടപരിഹാരമായും. 12 ശതമാനം പലിശ സഹിതം അനുവദിക്കുകയും ചെയ്തു.

2. കേസിൽ കക്ഷി ചേരാതിരിക്കുകയും മറ്റ് കേസുകളൊന്നും കൊടുക്കാതിരിക്കുകയും ചെയ്ത മരണപ്പെട്ട ശ്രീ മെക്കരാജ് എന്ന വ്യക്തിയുടെ കുടുംബത്തിന് നാളിതുവരെ ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല. ടിയാന്റെ കുടുംബത്തിന് ആനുകൂല്യം ലഭിക്കുന്നതിനുള്ള എല്ലാ അർഹതയും ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ മെക്കരാജ് എന്നയാളുടെ അവകാശികൾക്ക് 2,00,000 രൂപ (രണ്ടു ലക്ഷം രൂപ മാത്രം) മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും പ്രസ്തുത തുകയ്ക്ക് 27.12.2009 മുതൽ തുക നൽകുന്ന തീയതി വരെ 6% ശതമാനം പലിശയും ചേർത്ത് നൽകുന്നതിനും, പ്രസ്തുത തീരുമാനത്തിനും തുക നൽകുന്നതിനും സർക്കാർ ഉത്തരവ് ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനും മൂന്നാർ ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. മരണപ്പെട്ട ശ്രീ മൊക്കരാജിന്റെ അവകാശികൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അനുവാദത്തിനായുള്ള അപേക്ഷയും അനുബന്ധങ്ങളും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പന്നി വളർത്തൽ കേന്ദ്രത്തിന്റെ സൂക്ഷിപ്പുകാരനായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കവേ വിഷവാതകം ശ്വസിച്ച് മരണപ്പെട്ട ശ്രീ മൊക്കരാജിന്റെ അവകാശികൾക്ക്, മൂന്നാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (3) തീരുമാനപ്രകാരം 2,00,000 രൂപ (രണ്ടു ലക്ഷം രൂപ മാത്രം) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും പ്രസ്തുത തുകയ്ക്ക് 27.12.2009 മുതൽ തുക നൽകുന്ന തീയതി വരെ 6% ശതമാനം പലിശയും ചേർത്ത് നഷ്ടപരിഹാരം അനുവദിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIJA C G
DEPUTY SECRETARY

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
3. സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
4. ശ്രീ. തങ്കപാണ്ടി മൊക്കരാജ്, 1546/IX, ന്യൂ കോളനി, മൂന്നാർ, കണ്ണൻ ദേവൻ ഹിൽസ്, ഇടുക്കി ജില്ല.
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Danyjelll

സെക്ഷൻ ഓഫീസർ